കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം - പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി.പ്രഭല.പി.വി യുടെ ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം.**1576/2019/തസ്വഭവ** തിരുവനന്തപുരം, തീയതി, **25/07/2019**

---

പരാമർശം: 1) 14.06.1994 ലെ 36/94/ധന നമ്പർ സർക്കുലർ.
2) ശ്രീമതി.പ്രഭല.പി.വി യുടെ 06.02.2019 ലെ ശൂന്യവേതനാവധിയപേക്ഷ.
3) പഞ്ചായത്ത് ഡയറക്ടറുടെ 02.05.2018, 08.02.2019 എന്നീ തീയതികളിലെ ഇ 10-2119/17 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി.പ്രഭല.പി.വി യുടെ 31.07.2017 മുതൽ 25.03.2018 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീമതി.പ്രഭല.പി.വി, 07.01.2016 ന് സേവനത്തിൽ പ്രവേശിച്ച ടിയാൾ 01.02.2017 മുതൽ 30.07.2017 വരെ പ്രസവാവധിയിലും തുടർന്ന് 31.07.2017 മുതൽ 28.09.2017 വരെ രണ്ട് മാസത്തേക്ക് പ്രസവാവധിയെ തുടർന്നുള്ള ശൂന്യവേതനാവധിയിലും 29.09.2017 മുതൽ 24.01.2018 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധിയിലും ആയിരുന്നു. 25.01.2018 മുതൽ 25.03.2018 വരെ അവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് ടിയാൾക്ക് 31.07.2017 മുതൽ 28.09.2017 വരെ അനുവദിച്ച ശൂന്യവേതനാവധി പഞ്ചായത്ത് ഡയറക്ടർ റദ്ദ് ചെയ്തിട്ടുണ്ട്. ശ്രീമതി.പ്രഭല.പി.വി 26.03.2018 ൽ സേവനത്തിൽ പുനഃപ്രവേശിച്ചു ശ്രീമതി.പ്രഭല.പി.വി 31.07.2017 മുതൽ 25.03.2018 വരെയുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും 26.03.2018 തീയതിയിലുള്ള ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടറേറ്റിലെ എൽ ഡി ടൈപ്പിസ്റ്റ് ശ്രീമതി.പ്രഭല.പി.വി യ്ക്ക് 31.07.2017 മുതൽ 28.09.2017 വരെ, 60

ദിവസത്തേയ്ക്ക്, കെ.എസ്.ആർ ഭാഗം I ചട്ടം 102 ന് താഴെയുള്ള പ്രൊവിസോയുടെ ആനുകൂല്യത്തോടെ, അവധി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും 29.09.2017 മുതൽ 25.03.2018 വരെ പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും കെ.എസ്.ആർ ഭാഗം I ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധിയായി ക്രമീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീമതി.പ്രഭല.പി.വി, എൽ ഡി ടൈപ്പിസ്റ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധന വകുപ്പ്(18.05.2019 ലെ റൂൾസ് ബി 2/38/2019/ധന നമ്പർ കുറിപ്പ് പ്രകാരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ155/ഇപിഎ 1/2018/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ